പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2717 — 18.06.2018 ൽ മറുപടിക്ക്

## കേരളത്തിലെ റെയിൽവെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, വി. ജോയി<br>,, സജി ചെറിയാൻ<br>,, എൻ. വിജയൻ പിള്ള | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം റെയിൽവെ ഡിവിഷൻ വിഭജിക്കാനുള്ള നീക്കം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരത്തിൽ കേരളത്തിലെ റെയിൽവേയുടെ പ്രവർത്തനം ദുർബലപ്പെടുത്താനായി ശ്രമം നടക്കുന്ന സാഹചര്യത്തിൽ പുതിയ പാതകളുടെ നിർമ്മാണം, പാതയിരട്ടിപ്പിക്കൽ, സിഗ്നൽ സംവിധാന നവീകരണം, സ്റ്റേഷനുകളുടെ നിലവാരമുയർത്തൽ, ആധുനിക കോച്ചുകളുടെ ലഭ്യത തുടങ്ങിയവ കാര്യക്ഷമമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കേരളം ആസ്ഥാനമായി പെനിൻസുലർ സോൺ അനുവദിക്കണമെന്ന ആവശ്യം നേടിയെടുക്കാനായി നടത്തി വരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം-തിരുനെൽവേലി പാതയും, നാഗർകോവിൽ - കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കുന്നതിനും, തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചു വരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുമുള്ള ചില ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ഈ വിഷയത്തിൽ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽ മൂലം തിരുവനന്തപുരം ഡിവിഷന്റെയോ മധുരൈ ഡിവിഷന്റെയോ അധികാരപരിധി പുനർ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും റെയിൽവേയുടെ പരിഗണനയിൽ ഇല്ല എന്ന് കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുണ്ട്. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമാണ് ഉള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ടായിരുന്നു. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽകരിക്കാനുള്ള സ്ഥിതി വിശേഷം ഇപ്പോൾ ഇല്ല എന്ന തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു |

| | | | |
|---|---|---|---|
| | | | നിന്നും ഉണ്ടായിട്ടുള്ളത്. റെയിൽവേ സോൺ അനുവദിക്കുന്നതിന് സമ്മർദ്ദം ചെലുത്തിവരുന്നു. |
| (ബി) | കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്തു നടപ്പാക്കാനുദ്ദേശിക്കുന്ന തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ റെയിൽ പ്രോജക്ടിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തിക്കൊണ്ട് റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്) ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതി നടപ്പാക്കുന്നതിലേക്കായി റെയിൽവേ ബോർഡിന് സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭ്യമായില്ല. |
| (സി) | അങ്കമാലി - എരുമേലി ശബരിപാത, നേമത്തെ നിർദ്ദിഷ്ട വൻകിട ടെർമിനൽ എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | അങ്കമാലി - ശബരി റെയിൽപാതയുടെ നിർമ്മാണത്തിന് ആകെ 113.26 ഹെക്ടർ ഭൂമിയാണ് ആവശ്യമുള്ളത്. അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലെ സർവ്വേ/ അലൈൻമെന്റ് നടപടികൾ പുരോഗമിച്ചു വരുന്നു. അങ്കമാലി-ശബരി റെയിൽപാതയുടെ ആവശ്യകതയും, പ്രാധാന്യവും കണക്കിലെടുത്ത് നിർദ്ദിഷ്ട പദ്ധതി പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചു വരുന്ന നേമം പദ്ധതിക്ക് 2008 ൽ അനുമതി ലഭിച്ചിരുന്നു. അന്ന് തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് 250 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്. പ്രസ്തുത റിപ്പോർട്ട് പ്രകാരം 28.33 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനും 30 ട്രെയിനുകളുടെ അറ്റകുറ്റപ്പണി നടത്താൻ 10 പിറ്റ് ലൈനുകളും 12 സ്റ്റേബിളിങ് ലൈനുകളും ജീവനക്കാരുടെ ക്വാർട്ടേഴ്സുമാണ് നിർമ്മിക്കേണ്ടിയിരുന്നത് എന്നാൽ 78 കോടി രൂപ മാത്രമാണ് നടപ്പ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ളത്. നേമം സ്റ്റേഷൻ വികസനത്തിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ